**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പിന്നാക്ക സമുദായ വികസനം - 23/05/2014 ലെ സ.ഉ.(എം.എസ്) നമ്പർ 10/2014/പിസവിവയുടെ അനുബന്ധ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള 30 സമുദായങ്ങൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നതിൽ സ്പഷ്ടീകരണം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പിന്നാക്ക സമുദായ വികസന (എ) വകുപ്പ്

സ.ഉ.(കൈ) നമ്പർ 01/2017/പിസവിവ തീയതി, തിരുവനന്തപുരം, 10/02/2017

= = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = = =

പരാമർശം -
1) സ.ഉ.(എം.എസ്) നമ്പർ 10/2014/പിസവിവ, തീയതി, 23/05/2014
2) സ.ഉ.(കൈ) നമ്പർ 07/2016/പിസവിവ തീയതി, 25/08/2016
3) പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ 17/11/2016-ാം തീയതിയിലെ BCDD/A3/3076/16-ാം നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വിവിധ പ്രൊഫഷണൽ കോളേജുകളിലും ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലും, പ്രവേശനത്തിന് പിന്നാക്ക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സംവരണം അനുവദിച്ചുകൊണ്ടും മറ്റ് പിന്നാക്ക ഹിന്ദുക്കളിൽപ്പെട്ട 30 സമുദായങ്ങൾക്ക്, വാർഷിക വരുമാന പരിധി 6 ലക്ഷം രൂപ കവിയരുതെന്ന നിബന്ധനയ്ക്ക് വിധേയമായി, ഒ.ഇ.സി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന എല്ലാ വിദ്യാഭ്യാസാനുകൂല്യങ്ങളും അനുവദിച്ചുകൊണ്ടും പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) ഒ.ഇ.സി. വിഭാഗത്തിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് അർഹമായ അതേ നിരക്കിൽ വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിച്ച് നൽകിയ 30 സമുദായങ്ങളിലെ വിദ്യാർത്ഥികൾ ഉത്തരവ് തീയതിക്ക് മുമ്പേ പ്രവേശനം നേടിയവരാണെങ്കിൽ ആനുകൂല്യം അനുവദിക്കാനാകുമോയെന്നതിൻ മേൽ സംശയം നിലനിൽക്കുന്ന സാഹചര്യത്തിൽ ഇതിൻ മേൽ സ്പഷ്ടീകരണം നല്കണമെന്ന് പരാമർശം (3) ലൂടെ പിന്നാക്ക സമുദായ വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ 23/05/2014 - ലെ സ.ഉ.(എം.എസ്) നമ്പർ 10/2014/പിസവിവ യുടെ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന 30 സമുദായങ്ങൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നതിൽ താഴെപറയും പ്രകാരം സ്പഷ്ടീകരണം നൽകി ഇതിനാൽ ഉത്തരവാകുന്നു.

"ഉത്തരവ് തീയതിയ്ക്ക് (23/05/2014) മുമ്പേ പ്രവേശനം നേടി ഉത്തരവ് തീയതിയ്ക്ക് ശേഷവും പഠനം തുടർന്ന് ഇപ്പോൾ പഠനം പൂർത്തിയാക്കിയവർക്കും ഇപ്പോഴും പഠനം തുടർന്നുകൊണ്ടിരിക്കുന്നവർക്കും ഉത്തരവ് തീയതി (23/05/2014) മുതലുള്ള വിദ്യാഭ്യാസാനുകൂല്യങ്ങൾക്ക് അർഹതയുണ്ടായിരിക്കുന്നതാണ്."

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

സ്നേഹലത .പി.

ഗവൺമെന്റ് ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, പിന്നാക്ക സമുദായ വികസന വകുപ്പ്
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്
ലാന്റ് റവന്യു കമ്മീഷണർ, തിരുവനന്തപുരം (എല്ലാ ജില്ലാ കളക്ടർമാരെയും അറിയിക്കുന്നതിനായി)
എല്ലാ യൂണിവേഴ്സിറ്റികളുടെയും രജിസ്ട്രാർമാർക്കും
ഡയറക്ടർ, പൊതു വിദ്യാഭ്യാസ വകുപ്പ്
ഡയറക്ടർ, ഉന്നത വിദ്യാഭ്യാസ വകുപ്പ്
ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ) (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ധനകാര്യ വകുപ്പ് (WW3/201/2016-FIN (e 367616) പ്രകാരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

പകർപ്പ് - പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
പിന്നാക്ക സമുദായ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്.
പിന്നാക്ക സമുദായ വികസന വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ